# അമൃതയുടെ എവ്യൂ പദ്ധതിക്ക് തുടക്കമായി

Published on 07 Jan 2013

പൂണെ: അമൃത സർവകലാശാലയുടെ ഇ-ലേർണിംഗ് പദ്ധതിയായ എവ്യൂ ഔദ്യോഗികമായി മഹാരാഷ്ട്രയിലെ സ്കൂളുകളിൽ തുടങ്ങി. മുൻ യുജിസി ചെയർമാൻ ഡോ അരുൺ നിഗ്വേകർ ജനവരി 4ന് പൂണെയിലെ നിഗിടി അമൃത വിദ്യാലയം സ്കൂളിൽ വെച്ച് പദ്ധതി ഉദ്ഘാടനം ചെയ്തു. ശ്രി മാതാ അമൃതാനന്ദമയി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

മഹാരാഷ്ട്രയിലെ 15 ജില്ലകളിൽ നിന്ന് 5,000 ത്തിൽ അധികം സ്കൂൾ വിദ്യാർഥികളും അദ്ധ്യാപകരും എവ്യൂ വഴി ഓൺലൈൻ ആയി ചടങ്ങിൽ പങ്കെടുത്തു. വിദ്യാഭ്യാസ നിലവാരം കൂട്ടാൻ എവ്യൂ ഡിജിറ്റൽ ക്യാമ്പസ് സംവിധാനവുമായി ബന്ധിപ്പിക്കുമെന്ന് മഹാരാഷ്ട്ര വിദ്യാഭ്യാസ സൊസൈറ്റി പ്രസിഡന്റ് ഡോ രവിന്ദ്ര വഞ്ഞർവട്കർ പറഞ്ഞു. 2,000-ത്തിൽ അധികം സർവകലാശാലകളിലും കോളേജുകളിലും എവ്യൂ നടപ്പിലാക്കിയശേഷമാണ്, ഇപ്പോൾ സ്കൂളുകളിൽ ലഭ്യമാക്കുന്നത്.

പ്രശസ്ത കമ്പ്യൂട്ടർ ശാസ്ത്രജ്ഞനും ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ ആയ പരമിന്റെ ശിലിപിയുമായ ഡോ വിജയ് ഭട്കര്, സിഡാക് എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ ഹേമന്ത് ദർബാരി, മഹാരാഷ്ട്ര പ്രാദേശിക വികസന ഡെപ്യൂട്ടി കമ്മീഷണർ ഇന്ദ്രജിത്ത് ദേശ്മുഖ്, പൂണെ നഗരസഭാകേന്ദ്രം വിദ്യാഭ്യാസ ഓഫീസർ പുഷ്പലത പവാര്, മഹാരാഷ്ട്രയിലെ എവ്യൂ കോർഡിനേറ്റർ സന്തോഷ് തൽഗാട്ടി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐഐടി മുംബൈ, ഐഐഐടി ഹൈദരാബാദ്, മുംബൈ സർവകലാശാല, ജെഎൻടിയു ഹൈദരാബാദ് തുടങ്ങിയവ എവ്യൂ ഓൺലൈൻ ക്ലാസ്സുകൾക്കും, ശില്പശാലകൾക്കും, സെമിനാർകൾക്കും ഉപയോഗിക്കുണ്ട്.